# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. ജോസഫ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ:349

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളികൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്*

കർത്താവിൽ വാത്സല്യമുള്ളവരേ,

ജീവനും ചൈതന്യവുമുള്ള ദൈവത്തിന്റെ വചനം വേദപുസ്തകത്തിലൂടെ വരമൊഴിയായി നമുക്ക് നൽകിയ ദൈവത്തെ സ്തുതിക്കുകയും വേദപുസ്തക സമൂഹത്തിന്റെ പ്രവർത്തനങ്ങൾക്കായി പ്രാർത്ഥിക്കുകയും ചെയ്യുവാൻ വേർതിരിച്ചിരിക്കുന്ന ദിനമാണല്ലോ വേദപുസ്തക ഞായർ. നമ്മുടെ സഭ ഈ സംവത്സരം വേദപുസ്തക ഞായറായി ആചരിക്കുന്ന ഡിസംബർ 1–ാം തീയതി ആരാധനാമധ്യേ ബൈബിൾ സൊസൈറ്റിക്കായി പ്രത്യേകം പ്രാർത്ഥിക്കുകയും സ്തോത്രക്കാഴ്ചയിൽ ഉദാരപൂർവ്വം സഹകരിക്കുകയും ചെയ്യണമെന്ന് ഉദ്ബോധിപ്പിക്കുന്നു.

ഭാരതത്തിലെ എല്ലാ ജനങ്ങൾക്കും അവരവരുടെ ഹൃദയഭാഷയിൽ, താങ്ങാനാവുന്ന വിലയ്ക്ക്, ഏറ്റവും ആകർഷകമായി ദൈവവചനം ലഭ്യമാക്കുക എന്ന നിയോഗം 1811 മുതൽ ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ നിർവ്വഹിക്കുന്നു. 1956 ൽ ആരംഭിച്ച കേരള ഓക്സിലിയറി പ്രവർത്തന പന്ഥാവിൽ **63** വർഷങ്ങൾ പിന്നിട്ടു. മാർത്തോമ്മാ മെത്രാപ്പൊലീത്ത ദേശീയ നിർവ്വാഹക സമിതി അംഗമായും, ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പാ ദേശീയ കൗൺസിൽ അംഗമായും നേതൃത്വം നൽകുന്നു. ഇക്കഴിഞ്ഞ വർഷം **1,36,328** ബൈബിളുകൾ ഉൾപ്പെടെ **24,69,899** തിരുവചന ഭാഗങ്ങൾ കേരളത്തിൽ വിതരണം ചെയ്യുവാൻ ബൈബിൾ സൊസൈറ്റിക്ക് സാധിച്ചു. നിലമ്പൂർ, വയനാട് പ്രദേശങ്ങളിൽ ഉരുൾപൊട്ടലിലും പ്രളയത്തിലും വേദപുസ്തകം നഷ്ടപ്പെട്ട ഭവനങ്ങൾക്ക് സത്യവേദപുസ്തകം ബൈബിൾ സൊസൈറ്റി സൗജന്യമായി നൽകുകയുണ്ടായി.

ഭാരതത്തിലെ 1652 ഭാഷകളിൽ ബൈബിൾ സൊസൈറ്റിയുടെ ചുമതലയിൽ ഇതുവരെ 200ൽ അധികം ഭാഷകളിൽ ദൈവവചനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിലവിൽ 81 പരിഭാഷാ പദ്ധതികൾ പുരോഗമിക്കുന്നു. കഴിഞ്ഞ വർഷം പ്രസിദ്ധീകരിച്ച മലയാളം റഫറൻസ് ബൈബിൾ വേദപഠനത്തിന് ഏറെ സഹായകമാണ്. പ്രചുരപ്രചാരം നേടിയിട്ടുള്ള മൊബൈൽ ബൈബിൾ ആപ്ലിക്കേഷൻ '**യൂ വേർഷൻ**' **(You Version)** നിലൂടെ സത്യവേദപുസ്തകത്തിന്റെ **ഓഡിയോ പതിപ്പ്** സൗജന്യമായി ഇപ്പോൾ ലഭ്യമാക്കിയിട്ടുണ്ട്.

ഓക്സിലിയറിയുടെ കോട്ടയത്തെ **ബൈബിൾ ഹൗസിന്റെ** നവീകരണ പ്രവർത്തനങ്ങൾക്കായുള്ള ധനശേഖരണ ഉത്ഘാടനം നാം നിർവ്വഹിക്കുകയുണ്ടായി. ആയതിന്റെ സത്വരമായ പൂർത്തീകരണത്തിനായി ഏവരുടെയും പ്രത്യേക പ്രാർത്ഥനയും നിർലോഭമായ സഹകരണവും പ്രതീക്ഷിക്കുന്നു.

'ദൈവവചനം എല്ലാവർക്കും ലഭ്യമാക്കുക' എന്ന ലക്ഷ്യത്തിലേക്ക് മുന്നേറുവാൻ ദൈവജനത്തിന്റെ ആത്മാർത്ഥമായ പ്രാർത്ഥനയും ഔദാര്യപൂർവ്വമായ സമർപ്പണവും അത്യന്താപേക്ഷിതമാണ്. വേദപുസ്തകഞായർ സ്തോത്രകാഴ്ച മുഴുവനും ഇടവക ചുമതലക്കാർ താമസംവിനാ സഭാ ഓഫീസിൽ ഏൽപ്പിക്കണം. ബൈബിൾ സൊസൈറ്റി ശാഖകളുടെ പ്രവർത്തനത്തിലും വിഭവ സമാഹരണത്തിലും നമ്മുടെ പട്ടക്കാരും ഇടവക ജനങ്ങളും സജീവമായി പങ്കുചേരുവാൻ ഉദ്ബോധിപ്പിക്കുന്നു. ജീവിതത്തെ രൂപാന്തരപ്പെടുത്തുന്ന ദൈവവചനം സ്വീകരിക്കുന്നതിലൂടെയും മറ്റുള്ളവർക്ക് പങ്കിടുന്നതിലൂടെയും ദൈവിക ദൗത്യത്തിൽ നമുക്കു പങ്കുചേരാം.

'***ദൈവത്തിന്റെ സകലവചനവും ശുദ്ധി ചെയ്തതാകുന്നു; തന്നിൽ ആശ്രയിക്കുന്നവർക്ക് അവൻ പരിചതന്നേ'*** (സദൃശവാക്യങ്ങൾ 30:5) എന്ന ദൈവവചനം നമ്മെ ശക്തീകരിക്കട്ടെ.

കൃപ നിങ്ങളോട് ഏവരോടുംകൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2019 നവംബർ മാസം 11–ാം തീയതി,

J mmalabar

ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ

**FROM THE APOSTOLIC SEE OF MALANKARA**
**METROPOLITAN DR. JOSEPH MAR THOMA**

Circular No.349

*Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority.*

Beloved in Christ,

Bible Sunday is the occasion to offer praise to God Almighty who has blessed us with the living and dynamic Word in the written format as the Holy Bible, and to uphold the ministry of the Bible Society. Let me exhort you to intercede for the Bible Society of India during worship and share your generous offerings as we celebrate Bible Sunday on the 1st of December 2019.

The Bible Society of India continues with the mission of providing the Word of God in each person's 'heart-language', in a format they can best appreciate, and at an affordable price, right from its inception in 1811. Inaugurated in 1956, the Kerala Auxiliary of the Bible Society of India has completed 63 years of its blessed ministry of the Word of God. The Marthoma Metropolitan provides leadership as the member of BSI Executive Committee and Rt. Rev. Dr Abraham Mar Paulos Episcopa as a member of BSI Central Council. In the preceding year,Kerala Auxiliary distributed **24,69,899** Scripture portions in total, of which **1,36,328** are Bibles and Testaments.Bible Society could also gift Bibles to those households who had lost their Scriptures in the recent devastating landslides and floods in Nilambur and Wayanad.

Of the 1652 different languages in India, Bible Society has published Scriptures in more than 200 languages. In addition, there are 81 ongoing translation projects. The ***Malayalam Reference Bible***is very beneficial to the study the Word of God. The **Malayalam Audio Bible** has now been made available through the immensely popular Bible App- **YouVersion**.

It is only through our sincere prayers and generous offerings that we can move ahead in our mission of making the Word available to everyone. The parish officials should take earnest efforts to send the entire Bible Sunday offertory to the Sabha office at the earliest. The Clergy and the parishioners are exhorted to engage actively in the programmes and the resource mobilisation initiatives of the local branches of the Bible Society. Let us participate in God's mission through imbibing the life transforming Word and through sharing the Living Word with others.

***"Every word of God proves true; he is a shield to those who take refuge in him"*** (Proverbs 30:5)
May this Word strengthen us in our life's journey.

**Dr. Joseph Mar Thoma Metropolitan**